പി.എച്ച്.സി., സി.എച്ച്.സി. ആശുപത്രികളിലെ ഉപകരണങ്ങൾ

143 [2635] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എച്ച്. സി., സി. എച്ച്. സി. തുടങ്ങിയ ആശുപത്രികൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് തുക വകയിരുത്തുന്നതാണെന്ന് ആരോഗ്യവകുപ്പ് രണ്ടുവർഷം മുൻപ് എന്തെങ്കിലും ഉറപ്പ് നൽകിയിട്ടുണ്ടോ;

(ബി) ഇതുപ്രകാരം എത്ര ആശുപത്രികൾക്ക് ഉപകരണം വാങ്ങാൻ എം.എൽ.എ.മാർ മുഖാന്തിരം ആവശ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) എത്ര ആശുപത്രികൾക്ക് ഏതെല്ലാം ഉപകരണങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) 17-6-2002-ന് പാനൂർ സി.എച്ച്.സി. നൽകിയ നിവേദനത്തിൻമേൽ ഇതുവരെ എന്തു നടപടി സ്വീകരിച്ചുവെന്ന്, വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉറപ്പു നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും പി.എച്ച്.സി., സി.എച്ച്.സി. തുടങ്ങിയ ആശുപത്രികൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് 2002-2003-ൽ 80 ലക്ഷം രൂപയും 2003-2004-ൽ 64 ലക്ഷം രൂപയും വകയിരുത്തിയിരുന്നു.

(ബി) വണ്ടൂർ, പാലാ, കൂടലങ്ങാടി, കുരാച്ചുണ്ട്, ആലത്തൂർ, പെരുവന്താനം, തിരുവഞ്ചൂർ എന്നീ ആശുപത്രികളിലേക്ക് യന്ത്രോപകരണങ്ങൾ വേണമെന്ന് എം.എൽ.എ.മാർ ആവശ്യപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം 231 ലക്ഷം രൂപയുടെ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനുള്ള അനുമതി സർക്കാർ നൽകുകയും അതിൻപ്രകാരം ഓരോ ജില്ലക്കുമുള്ള വിഹിതം അതാതു ജില്ലാ മെഡിക്കൽ സ്റ്റോറുകളിൽ വിതരണം ചെയ്തുവരികയും ചെയ്യുന്നു. മുകളിൽ പറഞ്ഞ സ്ഥാപനങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ ലഭ്യതയനുസരിച്ച് നൽകുന്നതിന് ജില്ലാസ്റ്റോർ സൂപ്രണ്ടുമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കഴിഞ്ഞ 3 വർഷമായി വിവിധ ആശുപത്രികളിൽ വാങ്ങി നൽകിയിട്ടുള്ള വിവിധതരം ഉപകരണങ്ങളുടെ വിശദവിവരം അനുബന്ധത്തിൽ കൊടുത്തിട്ടുണ്ട്.†

(ഡി) പാനൂർ സി.എച്ച്.സി.-യെ സംബന്ധിച്ച നിവേദനത്തിൽ ജീപ്പ്, നെബുലൈസർ, അൾട്രാസൗണ്ട് സ്കാനർ, റേഡിയന്റ് വാമർ, വാക്വം എക്സ്ട്രാക്ടർ, ഹൈഡ്രോളിക് ഓപ്പറേഷൻ ടേബിൾ, സ്റ്റെറിലൈസർ, ഔട്ട്ലെറ്റ് ഫോഴ്സ് സെപ്സ് എന്നീ യന്ത്രോപകരണങ്ങൾ ആവശ്യപ്പെട്ടിരുന്നു. ഇതിൽ അൾട്രാസൗണ്ട് സ്കാനർ, റേഡിയന്റ് വാമർ, ഹൈഡ്രോളിക് ഓപ്പറേഷൻ ടേബിൾ, സ്റ്റെറിലൈസർ എന്നിവ ഒഴികെയുള്ള ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. ബാക്കിയുള്ളവ ലഭ്യതയ്ക്കനുസരിച്ച് നൽകാൻ ഉദ്ദേശിക്കുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly